INDIAN FARMER'S MOVEMENT
Infam – ഇൻഫാം
National Committee

Mar Mathew Arackal, Patron | Fr.Joseph Ottaplackal, Chairman | K.Moideen Haji, Vice-Chairman | Dr.P.C.Cyriac IAS (Retd), President | Chev.V.C.Sebastian, Secretary General
Fr.Antony Kozhuvanal, Gen.Secretary | R.Manikuttan, Member | Sri.K.N.Mohandas, Member | Adv.M.C.George, Trustee | Joy Thengumkudy, Treasurer | Adv.P.S.Michael, legal Advisor

Pastoral Orientation Centre, Palarivattom, P.B.No.:2251, Kochi-682025, Kerala, India
Correspondence: Pastoral Centre, P.B.No.22, Kanjirapally-686507, Ph: 04828 203080, Mobile: 9447355512, Email: infarm2@gmail.com

Press release
21/01/2016

# ജീവനക്കാർക്ക് ശമ്പളം നൽകുവാൻ മാത്രമായിട്ടുള്ള സംസ്ഥാന ഭരണം അപമാനകരം: ഷെവലിയർ വി.സി.സെബാസ്റ്റ്യൻ

കോട്ടയം: ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവർദ്ധനവിനും പെൻഷനുമായി 2015–16ലെ ബജറ്റിലെ നികുതി വരുമാനമായ 45,428 കോടി രൂപയ്ക്കു പുറമെ 13,000 കോടിയോളം രൂപ കണ്ടെത്തേണ്ടിവരികയും അതേസമയം ലോട്ടറി ലോട്ടറിയേതര വരുമാനം, കേന്ദ്രനികുതി വരുമാനം, കേന്ദ്ര പ്ലാൻ ഫണ്ട്, ധനകാര്യകമ്മീഷൻ വരവ് ഉൾപ്പെടെ റവന്യൂ വരുമാനമായ 77,427 കോടിരൂപയുടെ 80 ശതമാനവും ശമ്പളവും പെൻഷനും നൽകുവാൻ വേണ്ടിമാത്രമായുള്ള സാമ്പത്തിക കെടുകാര്യസ്ഥതയിൽ സംസ്ഥാന ഭരണം ജനാധിപത്യഭരണസംവിധാനത്തിന് അപമാനമാണെന്ന് ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ സൂചിപ്പിച്ചു.

സംഘടിത ജീവനക്കാർക്കുമുമ്പിൽ മുട്ടുമടക്കി കടക്കെണിയിൽ മുങ്ങിത്താഴുകയാണ് സംസ്ഥാന ഭരണം. കേരളത്തിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രമിറക്കാൻ ഉമ്മൻചാണ്ടി സർക്കാർ മടിക്കുന്നതിൽ ദുരൂഹതയുണ്ട്. 2011ൽ യുഡിഎഫ് സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാനത്തിന്റെ പൊതുക്കടം 82,486 കോടിയായിരുന്നു. 2015ലിത് 1,35,548 കോടിയായി. 2016 മാർച്ച് 31ന് 1,60,000 കോടിയിലേറെയാകുവാൻ സാധ്യതയുണ്ടെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. അഞ്ചുവർഷംകൊണ്ട് പൊതുക്കടം ഇരട്ടിയായി ഉയർന്നിരിക്കുമ്പോൾ ഇതിന്റെ ബാധ്യത പേറുന്നത് പൊതുസമൂഹമൊന്നാകെയാണ്. വികസനവും ജനക്ഷേമവും ബഹുഭൂരിപക്ഷമായ കർഷകരെയും മറന്ന് വിവാദങ്ങളുമായി ഉദ്യോഗസ്ഥ തീരുമാനങ്ങൾക്കു മുമ്പിൽ ജനപ്രതിനിധികൾ ഓച്ഛാനിച്ചുനിൽക്കുന്ന ദുരവസ്ഥ ഇന്ത്യയിൽ കേരളത്തിൽ മാത്രമേയുള്ളൂ. വേതനം വർദ്ധിപ്പിച്ചപ്പോൾ ശമ്പളപരിഷ്കരണ കമ്മീഷൻ രണ്ടാംഭാഗമായി സമർപ്പിച്ച സേവനങ്ങൾ മെച്ചപ്പെടുത്തേണ്ട നിർദ്ദേശങ്ങളിൽ സർക്കാർ മൗനംപാലിച്ച് നീട്ടിവെച്ചത് കുറ്റകരമായ അനാസ്ഥയാണെന്നും വി.സി.സെബാസ്റ്റ്യൻ പറഞ്ഞു.

ഫാ.ആന്റണി കൊഴുവനാൽ
ജനറൽ സെക്രട്ടറി